## ദൈവ കൃപയാൽ

അന്ത്യോഖ്യായുടേയും കിഴക്കൊക്കെയുടേയും പരിശുദ്ധ പത്രോസിന്റെ ശ്ലൈഹീക സിംഹാസനത്തിൻ കീഴിലുള്ള നോർത്തമേരിക്കൻ മലങ്കര അതിഭദ്രാസനത്തിന്റെ ആർച്ചുബിഷപ്പും പാത്രിയർക്കാ വികാരിയുമായ

**മോർ തീത്തോസ് യൽദോ മെത്രാപ്പോലീത്തായിൽ നിന്നും**

MALANKARA ARCHDIOCESE OF THE SYRIAN ORTHODOX CHURCH IN NORTH AMERICA
ARCHBISHOP PATRIARCHAL VICAR
TITUS YELDHO
2004

**No. 74/10** **October 12, 2010**

നമുക്കെത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന മലങ്കര ആർച്ച് ഡയോസിസിലെ എല്ലാ പള്ളികളിലേയും ബഹുമാനപ്പെട്ട വികാരിമാർക്കും, കൈക്കാരന്മാർക്കും, ശേഷം വിശ്വാസികൾക്കും കർത്താവിൽ വാഴ്വ്;

**കർത്താവിൽ പ്രിയരെ,**

നിങ്ങളേവരുടേയും ക്ഷേമം അന്വേഷിച്ച ശേഷം അറിയിക്കുന്നത്. 2010 സെപ്റ്റംബർ 15–17 വരെ ദമാസ്കസിൽ വച്ച് നടന്ന പരി: സുന്നഹദോസിന്റെ തീരുമാനങ്ങൾ അറിയിച്ചുകൊണ്ട് പരി: പാത്രിയർക്കീസ് ബാവായിൽ നിന്നും ലഭിച്ച ശ്ലൈഹീക കൽപ്പന (**No. E161/10**) നിങ്ങളേവരും ശ്രദ്ധിച്ചു കാണുമല്ലോ. നമ്മുടെ ഈ അനുഗ്രഹീത ഭദ്രാസനത്തിന്റെ ഐക്യതയ്ക്കും കെട്ടുറപ്പിനും പുരോഗതിയ്ക്കും വേണ്ടി ഈ ഭദ്രാസനം ഒന്നായി തന്നെ നിലനിൽക്കണമെന്നും ബലഹീനനായ നാം അതിന്റെ മെത്രാപ്പോലീത്തായായി തുടരണമെന്നും പരിശുദ്ധ സുന്നഹദോസ് ഐക്യകണ്ഠേന തീരുമാനിക്കുകയാണ് ചെയ്തത്.

എന്നാൽ നാം മലങ്കരയുമായുള്ള ബന്ധം വിച്ഛേദിക്കുന്നുവെന്നും മറ്റുമുള്ള തെറ്റിദ്ധാരണാജനകമായ വാർത്തകൾ ചിലർ പരത്തുന്നതുകൊണ്ട് ആ ശ്ലൈഹീക കൽപ്പനയ്ക്ക് അനുബന്ധമായി ചില കാര്യങ്ങൾ നിങ്ങളെ അറിയിക്കട്ടെ.

**2010** ഫെബ്രുവരി മാസത്തിൽ ഫിലാഡൽഫിയായിൽ കൂടിയ വാർഷീക വൈദീക യോഗവും ഭദ്രാസന പള്ളിപ്രതിപുരുഷ യോഗവും നമ്മുടെ ഈ ഭദ്രാസനം പരിശുദ്ധ പാത്രിയർക്കീസ് ബാവായുടെ നേരിട്ടുള്ള ഭരണത്തിൻ കീഴിൽ തന്നെ ഒരൊറ്റ ഭദ്രാസനമായി നിലനിർത്തണമെന്ന് പരിശുദ്ധ പാത്രിയർക്കീസ് ബാവായോട് അഭ്യർത്ഥിച്ചുകൊണ്ട് പ്രമേയങ്ങൾ പാസ്സാക്കുകയുണ്ടായി. എന്നാൽ രണ്ടാഴ്ച കഴിഞ്ഞപ്പോൾ, ഈ ഭദ്രാസനം വിഭജിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ഇൻഡ്യയിലെ സഭാസമിതികളുടെ തീരുമാനമാണ് നാമെല്ലാവരും പത്രമാദ്ധ്യമങ്ങളിലൂടെ വായിച്ചത്! ബലഹീനനായ നാമോ നമ്മുടെ ഭദ്രാസനത്തിലെ ഭരണസമിതികളോ പോലും അറിയാതെ ഇങ്ങനെയൊരു സമീപനം ഉണ്ടായ സാഹചര്യത്തിൽ, ഭദ്രാസന കൗൺസിൽ അടിയന്തിരമായി യോഗം ചേരുകയും ഭദ്രാസനത്തിന്റെ പ്രമേയങ്ങളും സാഹചര്യങ്ങളും പരിശുദ്ധ പിതാവിനെ അറിയിക്കുവാൻ ഒരു പ്രതിനിധിസംഘത്തെ ദമാസ്കസിലേയ്ക്ക് അയയ്ക്കുവാൻ തീരുമാനിക്കുകയും ചെയ്തു. പരിശുദ്ധ പിതാവ് നമ്മുടെ ആവശ്യം അംഗീകരിച്ച് ഏപ്രിൽ മാസം രണ്ടാമത്തെ ആഴ്ചയിൽ പാത്രിയർക്കാ അരമനയിലേയ്ക്ക് നമ്മെ ക്ഷണിക്കുകയും ചെയ്തു. എന്നാൽ ഇതിനിടെ ഇൻഡ്യയിൽ നിന്നുള്ള ആവശ്യപ്രകാരം പരിശുദ്ധ പിതാവ് ഭദ്രാസന വിഭജനം സംബന്ധിച്ചും വിശദാംശങ്ങൾ പിന്നാലെ അറിയിക്കാമെന്നു കാണിച്ചും ഏപ്രിൽ മാസം ഒന്നാമത്തെ ആഴ്ചയിൽ ഒരു ശ്ലൈഹീക കൽപ്പന പുറപ്പെടുവിക്കുകയുണ്ടായി. അതേതുടർന്ന് മുന്നോട്ടുള്ള മാർഗ നിർദ്ദേശത്തിനും പിറ്റേ ആഴ്ചയിൽ വച്ചിരുന്ന മീറ്റിംഗ് സംബന്ധിച്ചും പാത്രിയർക്കാ അരമനയുമായി നാം ബന്ധപ്പെടുകയുണ്ടായി. അതനുസരിച്ച് നമ്മെ ക്ഷണിച്ചുകൊണ്ടുള്ള അപ്പോസ്തോലീക കല്പന അയച്ച് തരികയും നേരത്തെ പുറപ്പെടുവിച്ച കല്പന സംബന്ധിച്ച് പ്രതിനിധികളുമായുള്ള യോഗത്തിനു ശേഷം തീരുമാനിക്കാമെന്ന് അറിയിക്കുകയും ചെയ്തു.

അങ്ങനെ ശ്ലൈഹീക ക്ഷണം അനുസരിച്ച് വൈദീകരുടേയും കൗൺസിലിന്റേയും പ്രതിനിധികൾ ഉൾപ്പെട്ട സംഘം പരിശുദ്ധ പിതാവിനെ സന്ദർശിക്കുകയും ഭദ്രാസനത്തിന്റെ പ്രമേയങ്ങളും സാഹചര്യങ്ങളും അറിയിക്കുകയും ചെയ്തു. നമ്മുടെ ഭദ്രാസനത്തിന്റെ ഇപ്പോഴുള്ള പുരോഗതിയിൽ പരിശുദ്ധ പിതാവു സംതൃപ്തി അറിയിക്കുകയും ശ്ലൈഹീക കല്പന വഴിയായി താഴെ പറയുന്ന രീതിയിൽ നമുക്ക് മാർഗനിർദ്ദേശം നൽകുകയും ചെയ്തു. ''അമേരിക്കയിലെ മലങ്കര അതിഭദ്രാസനം നമ്മുടെ നേരിട്ടുള്ള ഭരണത്തിൻ കീഴിലുള്ള ഭദ്രാസനങ്ങളിൽ ഒന്നായതിനാൽ അതു സംബന്ധിച്ചുള്ള അവസാന തീരുമാനം, ഭരണഘടന അനുസരിച്ച്, പരിശുദ്ധ സുന്നഹദോസുമായി ആലോചിച്ച ശേഷമേ എടുക്കുവാൻ സാധിക്കുകയുള്ളു. അതുകൊണ്ട് സെപ്റ്റംബർ മദ്ധ്യത്തിൽ ഇവിടെ നടക്കുന്ന പരിശുദ്ധ സുന്നഹദോസിനു ശേഷം വിശദാംശങ്ങൾ നിങ്ങളെ അറിയിക്കുന്നതാണ്''. അതിൻപ്രകാരം, ഈ ഭദ്രാസനം തുടർന്നും ഒന്നായി ബലഹീനനായ നമ്മുടെ ചുമതലയിൽ തുടരുമെന്നുള്ള പരിശുദ്ധ സുന്നഹദോസിന്റെ അവസാന തീരുമാനം ഇപ്പോൾ പരിശുദ്ധ പിതാവ് നമ്മെ എല്ലാവരേയും അറിയിച്ചിരിക്കുകയാണ്.

Property of www.malankara.com

*Property of www.malankara.com - Copyright protected, All Rights Reserved.*

വാത്സല്ല്യമുള്ളവരെ,

ഇത്തരുണത്തിൽ, മലങ്കരയുമായുള്ള നമ്മുടെ ബന്ധത്തിനു ഒരുതരത്തിലുമുള്ള വ്യത്യാസവും വന്നിട്ടില്ലെന്നുള്ളത് വ്യക്തമാക്കുവാൻ ബലഹീനനായ നാം ആഗ്രഹിക്കുന്നു. അമേരിക്കയിലും കാനഡായിലുമുള്ള നമ്മുടെ മലങ്കര ഇടവകകൾ തുടക്കം മുതൽ തന്നെ പുണ്യശ്ലോകനായ യേശു മോർ അത്താനാസിയോസ് തിരുമേനിയുടെ അനുഗ്രഹീത നേതൃത്വത്തിൽ പരിശുദ്ധ പാത്രിയർക്കീസ് ബാവായുടെ നേരിട്ടുള്ള ഭരണത്തിൻ കീഴിൽ ആയിരുന്നു. പിന്നീട് മലങ്കര ഇടവകകൾക്കു വേണ്ടി ഒരു പ്രത്യേക ഭദ്രാസനം സ്ഥാപിക്കപെട്ടു, അപ്പോഴും അതു പരിശുദ്ധ പാത്രിയർക്കീസ് ബാവായുടെ നേരിട്ടുള്ള ഭരണത്തിൻ കീഴിൽ ആയിരുന്നു രൂപീകൃതമായത്.

ഇവിടെയുള്ള നമ്മുടെ പള്ളികൾ സന്ദർശിക്കുവാനും നമ്മുടെ വിശ്വാസികളെ അനുഗ്രഹിക്കുവാനും ശക്തിപ്പെടുത്തു വാനുമായി ഇൻഡ്യയിൽ നിന്നുള്ള സഭാപിതാക്കന്മാരെ എപ്പോഴും നാം സ്വാഗതം ചെയ്തിട്ടുണ്ട്. നമ്മുടെ ശ്രേഷ്ഠ കാതോലിക്കാ ബാവായേയും മറ്റു മെത്രാപ്പോലീത്തന്മാരേയും നാമെല്ലാവരും സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്തുകൊണ്ടാണിരിക്കുന്നത്. എന്നാൽ ഈ ഭദ്രാസനത്തിന്റെ ഭരണപരമായ അധികാരം തുടർന്നും പരിശുദ്ധ പാത്രിയർക്കീസ് ബാവായുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ തന്നെ ആയിരിക്കണമെന്നാണ് നാമെല്ലാവരും ആഗ്രഹിക്കുന്നത്.

കഴിഞ്ഞ ഏതാനും മാസങ്ങളായി നമ്മുടെ ഭദ്രാസനത്തിൽ ചിലർ സൃഷ്ടിക്കുന്ന ആശയക്കുഴപ്പങ്ങൾക്ക് ഇത് പരിഹാരം ആകുമെന്നു കരുതുന്നു. പരിശുദ്ധ പിതാവിന്റെ ശ്ലൈഹീക കല്പന അനുസരിച്ച് മുന്നോട്ട് പോകുവാൻ, ഈ ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്തായും പാത്രിയർക്കാ വികാരിയുമെന്ന നിലയിൽ, പൈതൃകമായി നാം നിങ്ങളെ ഉദ്ബോധിപ്പിക്കുന്നു. നമ്മുടെ ഭദ്രാസനത്തിന്റെ ഐക്യത്തിനും കെട്ടുറപ്പിനും വിരോധമായി ഏതെങ്കിലും വ്യക്തികളോ, സംഘങ്ങളോ പ്രവർത്തിച്ചാൽ അതു പരിശുദ്ധ സഭയ്ക്കും, പരിശുദ്ധ പാത്രിയർക്കീസ് ബാവായ്ക്കും ബലഹീനനായ നമുക്കും എതിരേയാണ് എന്ന് കരുതുകയും അങ്ങനെ വന്നാൽ പരിശുദ്ധ സഭയെ കരുതി, ആവശ്യമായ അച്ചടക്ക നടപടി എടുക്കേണ്ടിവരുമെന്നുള്ള കാര്യവും നിങ്ങളെ സ്നേഹബുദ്ധ്യാ അറിയിച്ചു കൊള്ളുന്നു.

പരിശുദ്ധ പിതാവ് കല്പിച്ചിട്ടുള്ളതു പോലെ ഈ രാജ്യത്ത് നമ്മുടെ ഭദ്രാസനത്തിന്റെ ഐക്യത്തിനും കെട്ടുറപ്പിനും പുരോഗതിയ്ക്കും വേണ്ടി ബഹുമാനപ്പെട്ട വൈദീകരും വിശ്വാസികളും ബലഹീനനായ നമ്മോട് ചേർന്ന് നിന്ന് പ്രവർത്തിക്കേണ്ട സമയമാണ് ഇതെന്നു സ്നേഹപൂർവ്വം ഓർമ്മിപ്പിക്കട്ടെ. നമ്മുടെ ഭദ്രാസനത്തിലെ ബഹുമാന്യരായ വൈദീകരുടെ നിസ്വാർഥമായ ശുശ്രൂഷകളെ ഇത്തരുണത്തിൽ നാം ശ്ലാഘിക്കുന്നു. നമ്മുടെ ഇടവകകളിൽ വളർന്നു വരുന്ന ആത്മീയ ആവശ്യങ്ങൾക്ക് നമ്മുടെ ബഹുമാന്യരായ വൈദീകരുടെ നേതൃത്വവും പിന്തുണയും വളരെയേറെ പ്രാധാന്യം അർഹിക്കുന്നു. ഭാവിയിലേയ്ക്കു നോക്കുമ്പോൾ ഏറെ യുവാക്കൾ പൗരോഹിത്യ ശുശ്രൂഷയിലൂടെ വിശുദ്ധ സഭയേയും അതിലൂടെ ദൈവത്തേയും സേവിക്കുവാൻ സന്തോഷത്തോടെ മുന്നോട്ടു വരുന്നതു ശ്രദ്ധാർഹമാണ്. അതുപോലെ തന്നെ പരിശുദ്ധ സഭയിൽ മാതൃകാപരമായി ജീവിക്കുകയും ദൈവാലയ ശുശ്രൂഷയിൽ അതീവ താല്പര്യം കാണിക്കുകയും ചെയ്യുന്ന മുതിർന്ന ആളുകളേയും സഭാ ശുശ്രൂഷയിലേയ്ക്ക് നാം ക്ഷണിക്കുകയും നമ്മുടെ ഭദ്രാസനത്തിന്റെ ഭാവി തലമുറയെ നമ്മുടെ പാരമ്പര്യത്തിൽ നയിക്കുവാൻ നിങ്ങൾക്കുള്ള ചുമതല ഓർമ്മിപ്പിക്കുകയും ചെയ്യുന്നു.

വീണ്ടും പ്രിയരെ,

നമ്മുടെ ഭദ്രാസനത്തിന്റെ വളർന്നു വരുന്ന വൈദീക പരിശീലനം ഉൾപ്പടെയുള്ള ആവശ്യങ്ങൾക്ക് ഒരു പരിഹാരം എന്നതാണ്, 'പാത്രിയർക്കാ സെന്റർ' എന്ന പദ്ധതിയ്ക്ക് പിന്നിലുള്ള ഉദ്ദേശ്യം. ഇതു സംബന്ധിച്ച് കഴിഞ്ഞ ഭദ്രാസന പള്ളിപ്രതിപുരുഷ യോഗം ഒരു കമ്മറ്റിയ്ക്ക് രൂപം കൊടുത്തിരുന്നത് നിങ്ങളെ അറിയിച്ചിരുന്നല്ലൊ. ആ കമ്മറ്റി പലതവണ യോഗം ചേരുകയും ഒരു പദ്ധതിയ്ക്കു രൂപം കൊടുക്കുകയും അതു ഭദ്രാസന കൗൺസിലിനെ അറിയിക്കുകയും പിന്നീട് പരിശുദ്ധ പാത്രിയർക്കീസ് ബാവായ്ക്ക് സമർപ്പിക്കുകയും ചെയ്തിരുന്നു. നിങ്ങളെ അറിയിച്ചതുപൊലെ പരിശുദ്ധ പിതാവ് പദ്ധതിയെ അനുഗ്രഹിക്കുകയും E160/10 നമ്പർ കല്പന വഴിയായി അതിന് അംഗീകാരം നല്കുകയും ചെയ്തിട്ടുണ്ടല്ലൊ. അതുമായി ബന്ധപ്പെട്ട് ബഹുമാന്യരായ വൈദീകരേയും വിശ്വാസികളേയും ചേർത്ത് മേല്പറഞ്ഞ കമ്മറ്റി വിപുലീകരിക്കുന്നതാണെന്നും നിങ്ങളെ അറിയിക്കുന്നതിന് നമുക്ക് സന്തോഷമുണ്ട്. നമ്മുടെ ഭദ്രാസനത്തിന്റെ നാഴികകല്ലായിമാറുന്ന സുപ്രധാന പദ്ധതിയായ ഈ 'പാത്രിയർക്കാ സെന്ററി'നു നിങ്ങളോരോരുത്തരുടേയും അകമഴിഞ്ഞ സഹകരണം വിനയപൂർവ്വം അഭ്യർഥിക്കുകയും ചെയ്യുന്നു.

നമ്മുടെ ഭദ്രാസനത്തിന്മേൽ ചൊരിഞ്ഞു തരുന്ന എല്ലാ നന്മകൾക്കു വേണ്ടിയും നമുക്ക് കർത്താവിനെ മഹത്വപ്പെടുത്താം. നമുക്കേവർക്കും ചേർന്ന് ഈ അനുഗ്രഹീത ഭദ്രാസനത്തിന്റെ ഐക്യത്തിനും കെട്ടുറപ്പിനും പുരോഗതിയ്ക്കുമായി പ്രയത്നിക്കാം. സർവ്വ ശക്തനായ ദൈവത്തിന്റെ കൃപയും കരുണയും നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യക മറിയാം അമ്മയുടേയും സകല പരിശുദ്ധന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമേൻ.

സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവെ.....

+യൽദോ മോർ തീത്തോസ് മെത്രാപ്പോലീത്ത

*Property of www.malankara.com - Copyright protected, All Rights Reserved.*